പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1628 | 13.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം | |
| ചോദ്യം | ഉത്തരം |
| ശ്രീമതി ഗീതാ ഗോപി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം ഇപ്പോൾ എത്രയാണെന്നും ഇത് നിശ്ചയിച്ചത് എന്നാണെന്നും അറിയിക്കാമോ; | (എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിൽ 62 വയസ്സാണ്. 31.5.2012 ലെ സ.ഉ(എം.എസ്) നം. 33/12/സാക്ഷേവ പ്രകാരമാണ് 62 വയസ്സായി നിജപ്പെടുത്തിയിട്ടുള്ളത്. |
| (ബി) പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ആലോ-ചിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് നിശ്ച-യിക്കുവാനാണ് ആലോചിക്കുന്നത് ; | (ബി) കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ ഐ.സി.ഡി.എസ് മിഷന്റെ ഭാഗമായി അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 65 വയസ്സായി ഉയർത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) പ്രായം വർദ്ധിപ്പിക്കുന്ന കാര്യം അംഗൻവാടി ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംഘടനകളുടെ അഭിപ്രായം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ തയ്യാറാവുമോ? | (സി) പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ